**പതിനാലാം കേരള നിയമസഭ**

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**നാലാമത് റിപ്പോർട്ട്**
**(2019-2020)**

**FOURTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2019-2020)**

2019 മെയ് 28-ാം തീയതി സമർപ്പിച്ചത്
(Presented on 28th May 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2019

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

## (ELECTRICITY, LABOUR AND LABOUR WELFARE)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
നാലാമത് റിപ്പോർട്ട്

(2019-2020)

FOURTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2019-2020)

379/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2019-2021)

### ഘടന

ചെയർമാൻ:

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, "

ശ്രീ. ടി. വി. ഇബ്രാഹിം, "

ശ്രീ. എം. രാജഗോപാലൻ, "

ശ്രീ. വി. പി. സജീന്ദ്രൻ, "

ശ്രീ. പി. ഉണ്ണി, "

ശ്രീമതി വീണാ ജോർജ്ജ്, "

ശ്രീ. തോമസ് ചാണ്ടി, "

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ, എം., അണ്ടർ സെക്രട്ടറി.

# അവതാരിക

2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2019 ഫെബ്രുവരി 28, 2019 മാർച്ച് 11 എന്നീ തീയതികളിലെ യോഗങ്ങളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XVIII —വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XXIV —തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXXIX —വൈദ്യുതപദ്ധതികൾ

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2019 മാർച്ച് മാസം 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2019 മാർച്ച് 20.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXIV-തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും

വോട്ടു ചെയ്യുന്നത് : 1562,19,90,000 രൂപ

ചാർജ്ജ് ചെയ്യുന്നത് : ഇല്ല

### തൊഴിലും നൈപുണ്യവും വകുപ്പ്

2230-01-001-99—ഭരണവും നടത്തിപ്പും

വിഹിതം : 6,27,43,000 രൂപ (പദ്ധതിയേതരം)

1. ലേബർ കമ്മീഷണറുടെയും അദ്ദേഹത്തിന്റെ ഓഫീസിലെ ജീവനക്കാരുടെയും വേതനം, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ഇന്ധനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഭരണവും നടത്തിപ്പും- വെള്ളക്കരം [05(1)] ഇനത്തിൽ 2,00,000 രൂപയും, വൈദ്യുത ചെലവ് [05(2)] ഇനത്തിൽ 4,00,000 രൂപയും വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 1,50,000 രൂപയും ഉൾപ്പെടെ ആകെ 7.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-001-98—ജില്ല ആഫീസുകൾ

വിഹിതം : 20,02,69,000 രൂപ (പദ്ധതിയേതരം)

2. മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും പതിനാല് ജില്ലാ ലേബർ ഓഫീസുകളിലെയും വാടക, കരം, നികുതി, ഇന്ധനം എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വാടക, കരം, നികുതി (06) ഇനത്തിൽ 4,00,000 രൂപയും ഇന്ധനം (45) ഇനത്തിൽ 1,50,000 രൂപയും ഉൾപ്പെടെ ആകെ 5.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-99—കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള ഉപദേശക ബോർഡ്

വിഹിതം : 38,08,000 രൂപ (പദ്ധതിയേതരം)

3. മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെയും സർക്കാർ കാലാകാലങ്ങളിൽ രൂപീകരിക്കുന്ന മിനിമം വേജസ് കമ്മിറ്റികളിലെ ജീവനക്കാരുടെയും യാത്രാബത്ത, ഇന്ധനം എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവാകയാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 5,00,000 രൂപയും ഇന്ധനം (45) ഇനത്തിൽ 45,000 രൂപയും ഉൾപ്പെടെ ആകെ 5.45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-102-98—തോട്ടങ്ങളുടെ ഇൻസ്പെക്ടറാഫീസ്

വിഹിതം : 3,47,70,000 രൂപ (പദ്ധതിയേതരം)

4. ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിന്റെയും 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസുകളിലെയും വെള്ളക്കരം, വൈദ്യുതി ചെലവ്, ടെലിഫോൺ, മറ്റിനങ്ങൾ വിവരസാങ്കേതികവിദ്യ, വാടക, കരം, നികുതി എന്നീ ഇനങ്ങളിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വെള്ളക്കരം [05(01)] ഇനത്തിൽ 20,000 രൂപയും വൈദ്യുതി ചെലവ് [05(02)] ഇനത്തിൽ 5,000 രൂപയും ടെലിഫോൺ ചെലവ് [05(03)] ഇനത്തിൽ 45,000 രൂപയും മറ്റിനങ്ങൾ [05(04)] ഇനത്തിൽ 67,000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 6,75,000 രൂപയും വിവരസാങ്കേതികവിദ്യാ (99) ഇനത്തിൽ 10,000 രൂപയും ഉൾപ്പെടെ ആകെ 8.22 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-99—ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ)

വിഹിതം : 17,55,35,000 രൂപ (പദ്ധതിയേതരം)

5. 101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ടെലിഫോൺ ചെലവ് എന്ന ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക കുറവായതിനാൽ, ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 3.5 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-96-10—കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം- സംഭാവന'

വിഹിതം : 69,90,39,000 രൂപ (പദ്ധതിയേതരം)

6. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി പ്രകാരം വർദ്ധിപ്പിച്ച പെൻഷൻ തുകയും അംശദായവും ചേർത്ത് അധിക തുക ബോർഡിന് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 28.44474 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-89—തൊഴിൽ വകുപ്പിന്റെ നവീകരണവും വേതനം ഇ-പേയ്മെന്റ് മുഖേനയാക്കലും

വിഹിതം : 1,50,00,000 രൂപ (പദ്ധതി)

7. വകുപ്പിന്റെ ആധുനികവത്കരണത്തിനും, അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കുള്ള വാഹനം വാങ്ങുന്നതിനും, അസിസ്റ്റന്റ് ലേബർ ഓഫീസ് സജ്ജീകരണത്തിനും, ഇ-പെയ്മെന്റ് സംവിധാനത്തിനുമായി 2019-20 സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.457 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-88-10—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം-സംഭാവന

വിഹിതം : 40,61,000 രൂപ (പദ്ധതിയേതരം)

8. കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയുടെ ആനുകൂല്യ വിതരണത്തിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35.9687 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-87-10—പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം - സംഭാവന

വിഹിതം : 10,03,03,000 രൂപ (പദ്ധതിയേതരം)

9. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2019-20 സാമ്പത്തിക വർഷത്തേക്ക് വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ, ധനസഹായം എന്നിവ നൽകുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-86-10—കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയും മറ്റ് പുതിയ ക്ഷേമപദ്ധതികളും - സംഭാവന

വിഹിതം : 46,80,33,000 രൂപ (പദ്ധതിയേതരം)

10. തയ്യൽ തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതികളിൽ പെൻഷൻ കുടിശ്ശികയും, 2019-20-ലെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കും തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 102.7138 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-79-10—കേരള ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ് - സംഭാവന

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

11. കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് 2018-19 വരെ സർക്കാരിൽ നിന്നും ലഭിക്കാനുള്ള ഗ്രാന്റ് കുടിശ്ശിക ലഭ്യമായിട്ടില്ലാത്തതിനാൽ, ഈ ശീർഷകത്തിൽ 36.62 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-71-10—കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ്- അംശദാനം - സംഭാവന

വിഹിതം : 7,85,52,000 രൂപ (പദ്ധതിയേതരം)

12. ക്ഷേമപെൻഷനുകൾ 1,200 രൂപയായി വർദ്ധിപ്പിച്ചതിനാൽ 2019-20-ലെ പെൻഷൻ വിതരണത്തിന് അധിക തുക ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 6.7032 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-62-10—പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസ നിധി സംഭാവന

വിഹിതം : 1,10,00,000 രൂപ (പദ്ധതിയേതരം)

13. ഈ ശീർഷകത്തിൽ ഇടുക്കി ജില്ലയിൽ പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനും തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ അറ്റകുറ്റപ്പണി, വിവിധ ധനസഹായങ്ങൾ, പീരുമേട് കമ്പനി ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾക്ക് നടപ്പാക്കിയിട്ടുള്ള കുടിവെള്ളപദ്ധതി, ഉപ്പുതറ സെക്ഷനിലെ വൈദ്യുത ചാർജ്ജ്, ചികിത്സാ ധനസഹായം, മെഡിക്കൽ ടീമിന്റെ വാഹന വാടക, ടീം അംഗങ്ങളുടെ വേതനം എന്നീ ആവശ്യങ്ങൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 2.52 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-60—അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷ

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

14. അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസനിധി, അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി,

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി എന്നീ പദ്ധതികൾ ഏകോപിച്ചിട്ടുള്ള ഈ ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷത്തെ വിഹിതം അപര്യാപ്തമായതിനാൽ 3.74111 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-59-10—കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ് - സംഭാവന

വിഹിതം : 1,50,00,000 രൂപ (പദ്ധതിയേതരം)

15. മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2018-19 വരെ സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശ്ശികയ്ക്കായി ഈ ശീർഷകത്തിൽ 14.2592 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-58-10—കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് സംഭാവന

വിഹിതം : 28,69,000 രൂപ (പദ്ധതിയേതരം)

16. 2019-20-ൽ നിലവിലുള്ള പെൻഷനേഴ്സിനെക്കാൾ അധികമായി 150-ഓളം പേർക്ക് പെൻഷൻ അനുവദിക്കേണ്ടതായി കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 91.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-57-10—കേരള ആഭരണ തൊഴിലാളി ക്ഷേമനിധി - സംഭാവന

വിഹിതം : 17,87,000 രൂപ (പദ്ധതിയേതരം)

17. കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്ട് പ്രകാരം അംഗങ്ങളുടെ വിഹിതത്തിന്റെ 5% തുക ഗ്രാന്റായി ബോർഡിന് നൽകുമ്പോൾ, 2019-20-ൽ കൂടുതൽ തുക ആവശ്യമുണ്ടെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 1.492 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-52—ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്)

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

18. 2019-20 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-51—സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

വിഹിതം : 13,85,52,000 രൂപ (പദ്ധതിയേതരം)

19. കേരള കൈത്തൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമനിധിയിൽ നിന്നും വിരമിച്ചവർക്ക് അടുത്ത സാമ്പത്തിക വർഷം മുതൽ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാബോർഡ് വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് കൂടുതൽ തുക ആവശ്യമുള്ളതിനാൽ, ഈ ശീർഷകത്തിൽ 15.2017 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-35-10—കേരള ചുമട്ടു തൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി - സംഭാവന

വിഹിതം : 3,65,26,000 രൂപ (പദ്ധതിയേതരം)

20. സംസ്ഥാനത്തെ വിഭിന്ന മേഖലകളിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന ഈ പദ്ധതിക്ക് ക്ഷേമപെൻഷൻ 1,200 രൂപയായി വർദ്ധിപ്പിക്കുമ്പോൾ അധിക തുക ആവശ്യമായി കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 3.64244 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-33—പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം

വിഹിതം : 80,00,00,000 രൂപ (പദ്ധതി)

21. 2019-20 സാമ്പത്തികവർഷം പദ്ധതി നടത്തിപ്പിനായി അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 101.66 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-17—അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതി

വിഹിതം : 50,00,000 രൂപ (പദ്ധതി)

22. അസംഘടിത തൊഴിലാളികൾക്കായുള്ള മരണാനന്തര ധനസഹായം, റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം, സ്കോളർഷിപ്പ്, ചികിത്സാ ധനസഹായം, അവശതാപെൻഷൻ എന്നീ ധനസഹായങ്ങൾക്കായി 2019-20 സാമ്പത്തിക വർഷത്തെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-103-16—സംസ്ഥാന അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള താമസസൗകര്യം

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

23. അപ്നാഘർ പദ്ധതി രാമനാട്ടുകര സ്കീം, കളമശ്ശേരി സ്കീം എന്നിവ പ്രകാരമുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വ്യാവസായിക പരിശീലന വകുപ്പ്

2230-03-001-99—ട്രെയിനിംഗ് ഡയറക്ടറേറ്റ്

വിഹിതം : 6,79,17,000 രൂപ (പദ്ധതിയേതരം)

24. ട്രെയിനിംഗ് ഡയറക്ടറേറ്റിന് വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ അവധി യാത്രാനുകൂല്യം 04(4) ഇനത്തിൽ 2.63 ലക്ഷം രൂപയും വെള്ളക്കരം 5(1) ഇനത്തിൽ 71,000 രൂപയും വൈദ്യുത ചെലവ് 5(2) ഇനത്തിൽ 65,000 രൂപയും ടെലിഫോൺ ചെലവ് 05(3) ഇനത്തിൽ 2 ലക്ഷം രൂപയും മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും 21(2) ഇനത്തിൽ 43,000 രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 97,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 7.39 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 75,00,000 രൂപ (പദ്ധതി)

25. വകുപ്പിലെ ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യയിലും ഡി.ജി.റ്റി. കാലാനുസൃതമായി പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയിൽ പരിശീലനം നൽകൽ, സോഫ്റ്റ്‌വെയറുകൾ, ഗ്രന്ഥശാലയ്ക്കാവശ്യമായ പുസ്തകസംഭരണം, മികച്ച അദ്ധ്യാപകർക്കുള്ള

അവാർഡ്, ട്രെയിനിംഗിനാവശ്യമായ മൾട്ടിമീഡിയ സ്റ്റുഡിയോയുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-98—സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ

വിഹിതം : 28,31,000 രൂപ (പദ്ധതിയേതരം)

26. സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായി ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ ഈ ശീർഷകത്തിൽ വൈദ്യുത ചെലവ് 05(2) ഇനത്തിൽ 30,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-001-95—ഐ.ടി.യെ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ

വിഹിതം : 3,66,00,000 രൂപ (പദ്ധതി)

27. വിവരസാങ്കേതികവിദ്യാധിഷ്ഠിത സംരംഭങ്ങളുടെ ഭാഗമായി ഇ-ഓഫീസിന്റെ പൂർത്തീകരണം, ജി.ഐ.എസ്. ആപ്ലിക്കേഷൻ വെർച്ചൽ ക്ലാസ്സ് സംവിധാനത്തിന്റെ റീ-വാമ്പിംഗ്, ഓൺലൈൻ പരീക്ഷയ്ക്കുള്ള സോഫ്റ്റ് വെയർ, ഐ.ടി. സെല്ലിന്റെ പശ്ചാത്തല വികസനം, മൂഡിൽ എനേബിൾസ് ലേണിംഗ് പ്ലാറ്റ്ഫോം, ഐ.ടി. സെൽ ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.34 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-99—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

വിഹിതം : 162,56,05,000 രൂപ (പദ്ധതിയേതരം)

28. വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 01(4) ഇനത്തിൽ 25.71 ലക്ഷം രൂപയും യാത്രാബത്ത 04(1) ഇനത്തിൽ 2.2638 കോടി രൂപയും ടെലിഫോൺ ചെലവ് 05(03) ഇനത്തിൽ 6.23 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും (12) ഇനത്തിൽ 90 ലക്ഷം രൂപയും തൊഴിൽപരവും, പ്രത്യേക സേവനങ്ങൾക്കുള്ള ചെലവുകൾ (28) ഇനത്തിൽ 10 ലക്ഷം രൂപയും വൈദ്യുത ചെലവ് 34(2) ഇനത്തിൽ 15.2 ലക്ഷം രൂപയും ഉൾപ്പെടെ 3.7352 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-96—വനിതാ വ്യാവസായിക പരിശീലന കേന്ദ്രം, തിരുവനന്തപുരം

വിഹിതം : 3,11,58,000 രൂപ (പദ്ധതിയേതരം)

29. തിരുവനന്തപുരത്തെ വനിതാ വ്യാവസായിക പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിനായി മെഡിക്കൽ റീഇംബേഴ്സ്മെന്റ് 01(04) ഇനത്തിൽ 87,000 രൂപയും യാത്രാബത്ത 04(1) ഇനത്തിൽ 2.72 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും (12) ഇനത്തിൽ 1 ലക്ഷം രൂപയും വൈദ്യുതി ചെലവ് 34(02) ഇനത്തിൽ 1.46 ലക്ഷം രൂപയും ഉൾപ്പെടെ 6.05 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-87—ഐ.ടി.ഐ. കളുടെ നവീകരണം

വിഹിതം : 20,00,00,000 രൂപ (പദ്ധതി)

30. വകുപ്പിന് കീഴിലെ ഐ.ടി.ഐ.-കളിലെ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, അഫിലിയേഷൻ/റീ-അഫിലിയേഷൻ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള യന്ത്രോപകരണങ്ങളുടെ സംഭരണം, ട്രേഡുകളുടെ റീവാമ്പിംഗ്, വർക്ക്ഷോപ്പ്/കെട്ടിടങ്ങളുടെ നവീകരണം, പുനരുദ്ധാരണം, വൈദ്യുതീകരണം, റീവയറിംഗ്, ഐ.ടി. ലാബുകൾ, ജലവിതരണ സംവിധാനം, മറ്റ് ചെറുകിടമരാമത്ത് പണികൾ തുടങ്ങിയവയ്ക്കുള്ള തുക ബജറ്റിൽ അനുവദിച്ചത് അപര്യാപ്തമായതിനാൽ ചെറുകിട മരാമത്ത് പണികൾ (17) ഇനത്തിൽ 12.3782 കോടി രൂപയും മറ്റു ചെലവുകൾ (34) ഇനത്തിൽ 17.6218 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-76—വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം

വിഹിതം : 86,23,000 രൂപ (പദ്ധതിയേതരം)

31. വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിന് 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ യാത്രാബത്ത 04(1) ഇനത്തിൽ 74,000 രൂപയും മറ്റിനം 34(3) ഇനത്തിൽ 2.68 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.42 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-74—വനിതാ ഐ.ടി.ഐ. കൾ സ്ഥാപിക്കൽ

വിഹിതം : 2,28,83,000 രൂപ (പദ്ധതിയേതരം)

32. വനിതാ ഐ.ടി.ഐ. കൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ 29,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-73—ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.കൾ ശക്തിപ്പെടുത്തൽ

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

33. ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ചിത്തിരപുരം, പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ എന്നിവിടങ്ങളിൽ ഭാഷാ ന്യൂനപക്ഷ ഐ.ടി.ഐ.കൾ സ്ഥാപിച്ചതിന്റെ ഭാഗമായി 2019-20 സാമ്പത്തികവർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-65-01—ജോബ്സ് ആന്റ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം - സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ, കേരള

വിഹിതം : 2,00,000 രൂപ (പദ്ധതി)

34. കേന്ദ്ര സർക്കാരിന്റെ സ്കിൽ ഡെവലപ്മെന്റ് & എന്റർപ്രണർഷിപ്പ് മന്ത്രാലയത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിനും നടപ്പാക്കുന്നതിനും രൂപീകരിച്ച ദേശീയ നൈപുണ്യ വികാസയജ്ഞ (NSDM) ത്തിനോടനുബന്ധിച്ച് സ്കിൽ ഇന്ത്യാ മിഷൻ ഓപ്പറേഷൻ (SIMO)-ന്റെ ഭാഗമായി, സംസ്ഥാന സർക്കാർ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE)-നെ നോഡൽ ഏജൻസിയായി പരിഗണിച്ചുകൊണ്ട് നൈപുണ്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതമായി 2019-20 വർഷത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ടി പദ്ധതിക്ക് അപര്യാപ്തമായതിനാൽ 3.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-62—ഐ.ടി.ഐ. കൾ മെച്ചപ്പെടുത്തൽ

വിഹിതം : 4,47,00,000 രൂപ (പദ്ധതി)

35. സംസ്ഥാനത്തെ 10 രണ്ടാം നിര ഐ.ടി.ഐ.കളായ ആര്യനാട്, കൽപ്പറ്റ, കുഴൽമന്ദം, ദേശമംഗലം, കൊയിലാണ്ടി, ചാത്തന്നൂർ, ബി.റ്റി.സി.കൊല്ലം, നിലമ്പൂർ, അട്ടപ്പാടി, പേരാമ്പ്ര എന്നിവയെ ഒന്നാംനിര ഐ.ടി.ഐ.കൾ ആക്കി മാറ്റാൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അധികമായി 53 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-102-99—ദേശീയ തൊഴിലഭ്യസന പരിപാടികൾ

വിഹിതം : 4,78,20,000 രൂപ (പദ്ധതിയേതരം)

36. ദേശീയ തൊഴിലഭ്യസന സെന്ററുകളിൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും (12) ഇനത്തിൽ 1.9665 കോടി രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ (28) ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 1.9965 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണെമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം)

2230-02-001-99 —എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 60,39,67,000 രൂപ (പദ്ധതിയേതരം)

37. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനായി യാത്രാബത്ത 04 (1) ഇനത്തിൽ 5 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം 04 (4) ഇനത്തിൽ 2 ലക്ഷം രൂപയും വൈദ്യുത ചെലവ് 05 (2) ഇനത്തിൽ 5 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 10 ലക്ഷം രൂപയും വാഹനങ്ങളുടെ വാടക (97) ഇനത്തിൽ 3 ലക്ഷം രൂപയും വിവര സാങ്കേതിക വിദ്യ (99) ഇനത്തിൽ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-001-98—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും എംപ്ലോയ്മെന്റ്- ഡയറക്ടറേറ്റിന്റെയും കമ്പ്യൂട്ടർവത്കരണം

വിഹിതം : 60,00,000 രൂപ (പദ്ധതി)

38. 2018-19-ലെ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചത് കാരണം ഭൗതീക സാഹചര്യം വികസിപ്പിക്കൽ ഉൾപ്പടെയുള്ള കമ്പ്യൂട്ടർവത്ക്കരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നടത്തിപ്പിനും സബ് ഓഫീസുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നിലവിലുള്ള രജിസ്ട്രേഷൻ റിക്കാർഡുകൾ സ്കാൻ ചെയ്ത് ആർക്കൈവ് ചെയ്യൽ, self operating kiosk സ്ഥാപിക്കൽ, സബ്ഓഫീസുകളിലെ ഭൗതിക സാഹചര്യം വികസിപ്പിക്കൽ എന്നീ പ്രവൃത്തികൾക്കായി 2019-20-ലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.10 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-97—ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം: 42,96,000 രൂപ (പദ്ധതിയേതരം)

39. ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നടത്തിപ്പിനാവശ്യമായ യാത്രാബത്ത [04(1)] ഇനത്തിൽ 10,000 രൂപയും, സ്ഥലംമാറ്റബത്ത [04(2)] ഇനത്തിൽ 8,000 രൂപയും അവധി യാത്രാനുകൂല്യം [04(4)] ഇനത്തിൽ 40,000 രൂപയും ഉൾപ്പെടെ ആകെ 58,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-93—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യു ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമപ്രവർത്തനവും (കൈവല്യ)

വിഹിതം : 1,05,00,000 രൂപ (പദ്ധതി)

40. കൈവല്യ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുവർക്ക് 2019-20-ന് സബ്സിഡി നൽകുന്നതിനും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസ്സുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും മറ്റു ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 16.3375 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി

വിഹിതം : 9,10,00,000 രൂപ (പദ്ധതി)

41. ശരണ്യാ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപ്പെടുത്തിയവർ, ഭർത്താവിനാൽ ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാകുകയോ ചെയ്യുവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നിവർക്കു പുറമേ അംഗപരിമിതരായ വനിതകളെയും ഭർത്താവ് ശയ്യാവലംബരായ വനിതകളെയും കൂടി അർഹരാക്കിയും, കൂടാതെ നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർവായ്പ നൽകുന്നതിന് ഉത്തരവായിട്ടുള്ളതിനാലും ഉദ്യോഗാർത്ഥികൾക്കായി പരിശീലന പരിപാടികളും, കോച്ചിംഗ് ക്ലാസുകളും, സ്വയം തൊഴിൽ യൂണിറ്റുകൾ സന്ദർശിക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക വളരെ കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 3.55 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-89—പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

വിഹിതം: 76,79,000 രൂപ (പദ്ധതിയേതരം)

42. ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ മറ്റു ചെലവുകൾ - മറ്റിനം 34 (03) ഇനത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-02-101-88—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് കേന്ദ്രങ്ങളും മികവിന്റെ കേന്ദ്രങ്ങളുമാക്കി മാറ്റൽ

വിഹിതം : 6,00,00,000 രൂപ (പദ്ധതി)

43. തിരുവനന്തപുരം, ഇടുക്കി എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ തൊഴിൽക്ഷമതാ വികസന കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യേണ്ടുന്നതിനും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടില്ലാത്ത ജില്ലകളിൽ പുതിയതായി അവ ആരംഭിക്കേണ്ടതിനും 2019-20 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6250-60-800-97—കൈവല്യ പദ്ധതിക്ക കീഴിൽ വായ്പകൾ

വിഹിതം : 1,05,00,000 രൂപ (പദ്ധതി)

44. ഭിന്നശേഷിക്കാരായവർക്കായുള്ള കൈവല്യ പദ്ധതി വഴി ഉദ്യോഗാർത്ഥികൾക്ക് വായ്പ നൽകുന്നതിന് 2019-20 വർഷത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15.7375 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6250-60-800-96—അവിവാഹിതകളായ അമ്മമാർ, അവിവാഹിതകളായ സ്ത്രീകൾ/ വിവാഹ മോചിതർ/ഉപേക്ഷിക്കപ്പെട്ടവർ/തൊഴിൽരഹിതരായ വിധവകൾ തുടങ്ങിയ രജിസ്റ്ററിൽ രേഖപ്പെടുത്തപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ പദ്ധതി (ശരണ്യാ)

വിഹിതം : 9,10,00,000 രൂപ (പദ്ധതി)

45. ശരണ്യാ പദ്ധതിയിൽ അംഗപരിമിതരായ വനിതകളെയും, ഭർത്താവ് ശയ്യാവലംബരായ വനിതകളെയും അർഹരാക്കിയതിനാലും രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് വായ്പകൾ നൽകുന്നതിനായും നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർവായ്പ നൽകുന്നതിനും 2019-20 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, കുമാരപുരം, തിരുവനന്തപുരം

2230-01-102-99—വ്യവസായശാലാ ഡയറക്ടറാഫീസ്

വിഹിതം : 13,38,09,000 (പദ്ധതിയേതരം)

46. ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8.06 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-102-95—ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും

വിഹിതം : 1,45,70,000 രൂപ (പദ്ധതിയേതരം)

47. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 57.66 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)

2230-03-101-66-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

48. KILE CAMPUS എന്ന പേരിൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തുന്നതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കും, കിലെയുടെ ഒരു റീജിയണൽ സെന്റർ കോഴിക്കോട് ആരംഭിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ കം എന്റർടൈൻമെന്റ് ടൂർ സംഘടിപ്പിക്കുന്നതിനും Existing Scheme-ലെ മറ്റ് പ്രവർത്തനങ്ങൾക്കും ടി തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-03-101-66-31—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് ധനസഹായം

വിഹിതം : 27,87,000 രൂപ (പദ്ധതിയേതരം)

49. ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും, മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.58 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വ്യാവസായിക ട്രിബ്യൂണലുകൾ ആന്റ് ലേബർ കോടതികൾ

2230-01-101-95—വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

വിഹിതം : 96,98,000 രൂപ (പദ്ധതിയേതരം)

50. വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട് എന്ന സ്ഥാപനത്തിന് യാത്രാബത്ത 04 (01) എന്ന ശീർഷകത്തിൽ 40,000 രൂപയും മോട്ടോർ വാഹനങ്ങൾ (21)എന്ന ശീർഷകത്തിൽ 20,000 രൂപയും ഉൾപ്പെടെ 60,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-92—തൊഴിൽ കോടതി, കോഴിക്കോട്

വിഹിതം : 79,04,000 രൂപ (പദ്ധതിയേതരം)

51. തൊഴിൽകോടതി, കോഴിക്കോട് എന്ന സ്ഥാപനത്തിന് ശമ്പളം [01(01)] ഇനത്തിൽ 9.97 ലക്ഷം രൂപയും ക്ഷാമബത്ത [01(02)] ഇനത്തിൽ 10.61 ലക്ഷം രൂപയും വീട്ടുവാടക അലവൻസ് [01(03)] ഇനത്തിൽ 2.86 ലക്ഷം രൂപയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് [01(04)] ഇനത്തിൽ 1.41 ലക്ഷം രൂപയും മറ്റ് അലവൻസുകൾ [01(05)] ഇനത്തിൽ 3.15 ലക്ഷം രൂപയും, ശമ്പളം [02(01)] ഇനത്തിൽ 12,000 രൂപയും ക്ഷാമബത്ത [02(02)] ഇനത്തിൽ 21,000 രൂപയും മറ്റു അലവൻസുകൾ [02(03)] ഇനത്തിൽ 1,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 28.34 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-89—ലേബർ കോടതി, കണ്ണൂർ

വിഹിതം : 81,08,000 രൂപ (പദ്ധതിയേതരം)

52. ലേബർ കോടതി, കണ്ണൂർ എന്ന സ്ഥാപനത്തിന് മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] എന്ന ഇനത്തിൽ 18,000 രൂപയും ദിവസവേതനം [02(05)] എന്ന ഇനത്തിൽ 77,000 രൂപയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(04)] ഇനത്തിൽ 34,000 രൂപയും ഉൾപ്പെടെ 1.29 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 84,73,000 രൂപ (പദ്ധതിയേതരം)

53. വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി എന്ന സ്ഥാപനത്തിലേക്ക് മോട്ടോർവാഹനങ്ങൾ (21) ഇനത്തിൽ 8.06 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2230-01-101-80—വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം

വിഹിതം : 1,01,25,000 രൂപ (പദ്ധതിയേതരം)

54. വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ നടത്തിപ്പിനാവശ്യമായ വാടക, കരം, നികുതി (06) ഇനത്തിൽ 45 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVII—വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

വോട്ട് ചെയ്തത് : 21466,25,82,000 രൂപ

ചാർജ്ജ് ചെയ്തത് : 20,01,000 രൂപ

4202-02-105-85—ഐ.ടി.ഐ. കെട്ടിട ജോലികൾ

വിഹിതം : 25,00,00,000 രൂപ (പദ്ധതി)

55. പിണറായി ഐ.ടി.ഐ.-യ്ക്ക് സ്ഥലം, കെട്ടിടനിർമ്മാണം എന്നിവയ്ക്കും കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, കാസർഗോഡ് ജില്ലയിലെ പീലിക്കോട്, തിരുവനന്തപുരം ജില്ലയിലെ വർക്കല എന്നീ ഐ.ടി.ഐ. കൾക്ക് കെട്ടിട നിർമ്മാണത്തിനും അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 42 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് : 67,17,73,32,000 രൂപ

ചാർജ്ജ് ചെയ്തത് : 17,78,000 രൂപ

### ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

2210-01-102-99—ഭരണവിഭാഗം

വിഹിതം: 7,71,82,000 രൂപ (പദ്ധതിയേതരം)

56. ഇന്ധനവില വർദ്ധിക്കുന്ന സാഹചര്യത്തിൽ 2019-20-ൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പി.ഒ.എൽ. (45) ഇനത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-98—ഡിസ്പെൻസറികൾ

വിഹിതം : 171,59,79,000 രൂപ (പദ്ധതിയേതരം)

57. ഡിസ്പെൻസറികളിൽ 2019-20 സാമ്പത്തികവർഷത്തിൽ ടെലിഫോൺ ചെലവ് [05(03)] ഇനത്തിൽ 11 ലക്ഷം രൂപയും മോട്ടോർവാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 2.17 ലക്ഷം രൂപയും സാധനസാമഗ്രികൾ (24) ഇനത്തിൽ 10 ലക്ഷം രൂപയും വെള്ളക്കരം 34(01) ഇനത്തിൽ 20 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 45.17 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-102-96—ഇ.എസ്.ഐ. യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്

വിഹിതം: 66,39,17,000 രൂപ (പദ്ധതിയേതരം)

58. ഇ. എസ്. ഐ. യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികളുടെ 2019-20 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി ഡ്രഗ്സും ഡ്രസ്സിംഗും (01) ഇനത്തിൽ 14 കോടി രൂപയും മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംപേഴ്സ്മെന്റ് (04) ഇനത്തിൽ 2.1425 കോടി രൂപയും സ്പെഷ്യാലിറ്റി/സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ (03) ഇനത്തിൽ 3.5 കോടി രൂപയും ഉപകരണങ്ങൾ (07) ഇനത്തിൽ 1 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 20.6425 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

# ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

വോട്ട് ചെയ്തത് : 523,30,79,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

2801-80-101-99—വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം-സബ്സിഡികൾ

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

59. പ്രതിമാസ ഉപഭോഗം 120 യൂണിറ്റിൽ താഴെയുള്ള ഗാർഹിക ഉപഭോക്താക്കളെയും, കാർഷിക ഉപഭോക്താക്കളെയും താരിഫ് വർദ്ധനയിൽ നിന്നും ഒഴിവാക്കിയതുമൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2019-20 വർഷത്തിൽ തുടരുന്നതിന് 768.24 കോടി രൂപയും, 20 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയത് മൂലമുള്ള നഷ്ടം നികത്താനുള്ള സബ്സിഡി 2019-20-ൽ തുടരുന്നതിന് 80 ലക്ഷം രൂപയും ഉൾപ്പെടെ 769.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-92—കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായം

വിഹിതം : 384,07,00,000 രൂപ (പദ്ധതിയേതരം)

60. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട വൈദ്യുതി ചാർജ്ജിന്റെ കുടിശ്ശിക എഴുതിതള്ളിയതുമൂലമുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുന്ന ധനസഹായത്തിന് 2017-18-ലും 2018-19-ലുമായി ലഭിക്കേണ്ട ആകെ 104.80 കോടി രൂപയിൽ 52.4 കോടി രൂപയുടെ ബജറ്റ് വിഹിതം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്നതിനാലും 2018-19-ൽ ലഭിക്കേണ്ട ബാക്കി തുകയായ 52.40 കോടി രൂപ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ആയത് കൂടി ഉൾപ്പെടുത്തി ഈ ശീർഷകത്തിൽ 104.80 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-91—നവീകരണ നിധി

(ഊർജ്ജ സമ്പാദന ഏകോപനസമിതി)

Innovation Fund & ESCOT

വിഹിതം : 27,30,00,000 രൂപ (പദ്ധതി)

61. 2019-20 സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 27.30 കോടി രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ സ്മാർട്ട് മീറ്റർ സംവിധാനം നടപ്പാക്കുന്നതിനും, സൗര പദ്ധതിയുടെ ഭാഗമായി സർക്കാർ കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 166.67 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-101-85—ട്രാൻസ് ഗ്രിഡ് -2

വിഹിതം : 1,00,000 രൂപ (പദ്ധതി)

62. വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ പൂർത്തീകരണത്തിന് KIIFB/PSDF വഴി ലഭിക്കാവുന്ന തുകയ്ക്ക് പുറമെ ടെൻഡർ എക്സസ് ഇനത്തിൽ ആവശ്യമായ 239.89 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2801-80-190-99—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾ (LACADS)

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

63. നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000 രൂപ 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതി (LACADS) ഫണ്ടിൽ ഉൾപ്പെടുത്തി വിതരണമേഖലയിലെ 11 പ്രവൃത്തികൾ ചെയ്യുന്നതിന് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.6504627 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4801-80-101-98—നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചു കൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം

വിഹിതം : 1,00,00,000 രൂപ (പദ്ധതിയേതരം)

64. നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി ഉപയോഗിച്ചുകൊണ്ടുള്ള സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയ്ക്കായി പുതുക്കിയ ബഡ്ജറ്റിൽ അനുവദിച്ച 1,00,00,000 രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.6160 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6801-00-190-85—അപ്പർ കല്ലാർ/പെരുവണ്ണാമൂഴി ചെറുകിട ജലസേചന പദ്ധതി

വിഹിതം : ഇല്ല (പദ്ധതി)

65. 2019-20 സാമ്പത്തികവർഷത്തിൽ അപ്പർകല്ലാർ/പെരുവണ്ണാമൂഴി ചെറുകിട ജലസേചന പദ്ധതികളുടെ നടത്തിപ്പിനായി ബാണാസുര സാഗർ പദ്ധതി ഇനത്തിൽ 1.8 കോടി രൂപയും സോളാർ പദ്ധതി ഇനത്തിൽ 24.01 കോടി രൂപയും പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി ഇനത്തിൽ 2.4486 കോടി രൂപയും ഉൾപ്പെടെ 2018-19-ൽ അഡീഷണൽ ഓതറൈസേഷൻ 28.2586 കോടി രൂപയും 2019-20-ൽ 2.9456 കോടി രൂപയും ബജറ്റ് വിഹിതം ചേർത്ത് ആകെ 57.7146 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പുതിയ ശീർഷകം അനുവദിക്കുന്നതിന്

66. കോഴിക്കോട് ജില്ലയിലെ ഇരുവഞ്ഞിപ്പുഴ റിവർ ബേസിനിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പവർ ഇവാകേഷൻ പദ്ധതിയുടെ ഭാഗമായ നെല്ലിപ്പൊയിൽ (നാരങ്ങാത്തോട്) ഒരു 33/110KV 2X50 MVA പൂളിംഗ് സ്റ്റേഷന്റെ നിർമ്മാണം, തമ്പലമണ്ണയിൽ നിന്നും നെല്ലിപ്പൊയിലിലേക്ക് 11 കി.മീ. 110 കെ.വി. സിംഗിൾ സർക്യൂട്ട് സ്ഥാപിക്കൽ, നെല്ലിപ്പൊയിൽ പൂളിംഗ് സ്റ്റേഷനിലേക്ക് 33 കെ.വി. ഭൂഗർഭ കേബിൾ/ഓവർലോഡ് ലൈൻവഴി ചെറുകിട പദ്ധതികളെ ബന്ധിപ്പിക്കൽ എന്നിവയ്ക്ക് നാളിതുവരെയും ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ New Service head അനുവദിച്ച് 63.77 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശീർഷകം പുനഃസ്ഥാപിക്കുന്നതിന്

67. 2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ താഴെപ്പറയുന്ന പദ്ധതികൾക്ക് മുമ്പുണ്ടായിരുന്ന ശീർഷകം പുനഃസ്ഥാപിച്ച് താഴെപ്പറയുംപ്രകാരം തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

68. 2015-ലെ G.O.(MS)No.29/2015/PD dated, Thiruvananthapuram, 30.7.2015 ഉത്തരവ് വഴി പ്രഖ്യാപിച്ച നഷ്ടപരിഹാര പാക്കേജ് അടിസ്ഥാനമാക്കി പണി പുനരാരംഭിച്ച ഇടമൺ-കൊച്ചി 400 കെ.വി. ട്രാൻസ്മിഷൻലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരത്തിൽ 2018-19 സാമ്പത്തികവർഷം ടോക്കൺവിഹിതമായി 1000 രൂപ മാത്രമാണ് അനുവദിച്ചതെന്നും 2019-20 സാമ്പത്തികവർഷത്തിൽ 2801-80-101-83-ഇടമൺ - കൊച്ചി 400 കെ.വി. ട്രാൻസ്മിഷൻ ലൈൻ വലിക്കുന്നതിനുള്ള നഷ്ടപരിഹാരം എന്ന പഴയ ശീർഷകം നിലനിർത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിലേക്ക് പഴയ ശീർഷകം പുനഃസ്ഥാപിച്ച് 128.02 കോടി രൂപ വകയിരുത്തുക.

69. 2019 മെയ് മാസത്തോടുകൂടി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലെ 110 കെ.വി. സ്റ്റേഷൻ നിർമ്മിക്കുന്നതിലേയ്ക്കായി സംസ്ഥാന വിഹിതം- (പഴയ ശീർഷകം 4801-80-101-99- മുട്ടത്തറ സബ്സ്റ്റേഷൻ) ആയി 41.63 കോടി രൂപ വകയിരുത്തുക.

70. ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-87) പ്ലാൻ ആയി 48.30 കോടി രൂപ വകയിരുത്തുക.

71. സംയോജിത ഊർജ്ജവികസന പദ്ധതി (ഐ.പി.ഡി.എസ്സ്.) സംസ്ഥാന വിഹിതം (പഴയ ശീർഷകം 2801-80-101-86) പ്ലാൻ ആയി 59.21 കോടി രൂപ വകയിരുത്തുക.

## എനർജി മാനേജ്മെന്റ് സെന്റർ, കേരള

2810-00-800-93—<u>എനർജി മാനേജ് മെന്റ് സെന്റർ ധനസഹായം</u>

വിഹിതം : 98,75,000 (പദ്ധതിയേതരം)

72. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ, സെന്ററിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 2.46 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## ഏജൻസി ഫോർ നോൺ-കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്)

2810-00-800-90—<u>അനെർട്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

വിഹിതം : 52,00,00,000 രൂപ (പദ്ധതി)

73. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിനായി അനെർട്ട് നടപ്പാക്കി വരുന്ന ഊർജ്ജ കേരള മിഷൻ, വെള്ളപ്പൊക്ക ബാധിത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുനരാവർത്തക ഊർജ്ജ പദ്ധതി സ്ഥാപിക്കലും സർക്കാർ കെട്ടിടങ്ങളിലെ ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകളെ ഓൺ ഗ്രിഡ് പ്ലാന്റുകളാക്കി മാറ്റലും പുനരാവർത്തക ഊർജ്ജ പാർക്ക് രാമക്കൽമേട്, പുനരാവർത്തക ഊർജ്ജ വ്യവസായ ഫെസിലിറ്റേഷൻ സെന്റർ, ദുരന്ത ദുരിതാശ്വാസ ക്യാമ്പുകളിലെ പുനരാവർത്തക ഊർജ്ജ സംവിധാനങ്ങൾ, സൗരസുവിത കിറ്റ്സ്, പുരപ്പുറ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചവരിൽ മുന്നിട്ടുനിൽക്കുന്നവർക്കുള്ള പ്രോത്സാഹനം, വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ പുനരാവർത്തക ഊർജ്ജ പദ്ധതികളുടെ അറ്റകുറ്റപ്പണി എന്നീ 8 ഘടകങ്ങൾക്കായി "2810-00-800-90-(06)(35)-പുനരാവർത്തക ഊർജ്ജത്തിലുള്ള പരിപാടികൾ" എന്ന ശീർഷകത്തിൽ 35 കോടി രൂപ നിലവിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ ടി ഘടകങ്ങളോടൊപ്പം 'ബൈമൈസൺ'-ന്റെ കീഴിലുള്ള പുനരാവർത്തക ഊർജ്ജ ഉല്പന്നങ്ങൾക്ക് ഇൻഷ്വറൻസ് സ്കീം എന്ന ഘടകം 9-ാമതായി ഉൾപ്പെടുത്തുകയും ആയതിൽ 'ഊർജ്ജ കേരള മിഷൻ' എന്ന ഘടകത്തിൽ നിന്ന് 1 കോടി രൂപയും 'വെള്ളപ്പൊക്ക ബാധിത തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുനരാവർത്തക ഊർജ്ജ പദ്ധതി സ്ഥാപിക്കലും സർക്കാർ കെട്ടിടങ്ങളിലെ ഓഫ് ഗ്രിഡ് സോളാർ പ്ലാന്റുകളെ ഓൺ ഗ്രിഡ് പ്ലാന്റുകളാക്കി മാറ്റലും' എന്ന ഘടകത്തിൽ നിന്ന് 3 കോടി രൂപയും 'പുനരാവർത്തക ഊർജ്ജ വ്യവസായ ഫെസിലിറ്റേഷൻ സെന്റർ' എന്ന ഘടകത്തിൽ നിന്ന് 2 കോടി രൂപയും ചേർത്ത് ആകെ 6 കോടി രൂപ ഈ പുതിയ ഘടകത്തിൽ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2810-00-800-99—ഗ്രാമീണ സാങ്കേതിക വിദ്യയും പാരമ്പര്യേതര ഊർജ്ജ ഏജൻസിയും (അനെർട്ട് ധനസഹായം)

വിഹിതം : 3,79,01,000 രൂപ (പദ്ധതിയേതരം)

74. അനെർട്ടിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ശമ്പളം, ശമ്പളകുടിശ്ശിക, യാത്രാചെലവ്, വാടകകൾ, ഓഫീസ് ചെലവ്, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഭരണചെലവുകൾക്കായി കൂടുതൽ തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.0458 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

 റ്റി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി-VII.*

തിരുവനന്തപുരം,
2019 മാർച്ച് 20.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.